"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലെ മുൻ ജുഡീഷ്യൽ മെമ്പർമാരായ ശ്രീ. ബെന്നി ഗർവാസിസ്, ശ്രീ. വി. രാജേന്ദ്രൻ എന്നിവരുടെ വിരമിക്കൽ ആനുകൂല്യങ്ങൾ നിർണയിച്ച് കൊണ്ട് ഉത്തരവാകുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എആർ12) വകുപ്പ്**

സ.ഉ.(കൈ) നം.5/2024/P&ARD തീയതി,തിരുവനന്തപുരം, 17-05-2024

---

പരാമർശം:-

1. 12.07.2016 ലെ കേന്ദ്ര സർക്കാരിന്റെ A-11014/1/2016 -AT നമ്പർ ഉത്തരവ്.
2. WP(C)10706/2021,12707/2021 എന്നിവയിൽ കേരള ഹൈക്കോടതിയുടെ 15.07.2021 ലെ ഉത്തരവ്.
3. 17.02.2021 ലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ രജിസ്ട്രാറുടെ 1798/2016/KAT/Admn നമ്പർ കത്ത്.
4. 03.12.2022 ലെ AR 12-2/29/2021/P&ARD നമ്പർ കത്ത്.
5. WP(C)7653/2023 ൽ കേരള ഹൈക്കോടതിയുടെ 21.07.2023 ലെ ഉത്തരവ്.
6. 22.10.2023 ലെ AR 12-2/29/2021/P&ARD നമ്പർ കത്ത്.

**ഉത്തരവ്**

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ജുഡീഷ്യൽ മെമ്പർമാരായി പരാമർശം 1 പ്രകാരം അഭിഭാഷകരായ ശ്രീ. ബെന്നി ഗർവാസിസ്, ശ്രീ. വി. രാജേന്ദ്രൻ എന്നിവർ അഞ്ച് വർഷത്തേക്ക് നിയമിക്കപ്പെട്ടുകയുണ്ടായി. 19.07.2021 ൽ അവരുടെ കാലാവധി പൂർത്തികരിച്ചെങ്കിലും പുതിയ ജുഡിഷ്യൽ അംഗങ്ങളെ നിയമിക്കുന്നതുവരെ തുടരാൻ അനുവദിച്ച് കൊണ്ടുള്ള പരാമർശം 2 ലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 27.9.2022 വരെ (6 വർഷവും 2 മാസവും) തൽസ്ഥാനത്ത് തുടർന്നു.

2. 2021 ലെ Tribunal Reforms Act ഉം അതിന് കീഴിൽ വരുന്ന ചട്ടങ്ങളും നിലനിൽക്കുമ്പോൾ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ജുഡിഷ്യൽ അംഗങ്ങളുടെ കാലാവധി നീട്ടിനൽകിയ നടപടി സാധൂകരിച്ച് നൽകുന്നതിനു പരാമർശം 6 പ്രകാരം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

3. ജുഡീഷ്യൽ മെമ്പർമാരുടെ വിരമിക്കൽ ആനുകൂല്യങ്ങൾ നിർണയിച്ച നൽകണമെന്ന് പരാമർശം 3 പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ രജിസ്ട്രാർ അഭ്യർത്ഥിക്കുകയുണ്ടായി. വിരമിക്കൽ ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിലേക്ക് അയച്ച് നൽകുന്നതിനായി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ രജിസ്ട്രാറോട് ആവശ്യപ്പെട്ടുകയും ആയത് രജിസ്ട്രാർ സമർപ്പിക്കുകയുമുണ്ടായി. തുടർന്ന് പരിശോധനയ്ക്ക് ശേഷം പ്രൊപ്പോസൽ തുടർ നടപടികൾക്കായി പരാമർശം 4 പ്രകാരം കേന്ദ്ര സർക്കാരിന്റെ പേഴ്സണൽ, പബ്ലിക്ക് ഗ്രിവൻസസ് പെൻഷൻ മന്ത്രാലയത്തിന് അയച്ച് നൽകിയിട്ടുണ്ട്.

4. പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ശ്രീ. ബെന്നി ഗർവാസിസ്, ശ്രീ. വി. രാജേന്ദ്രൻ എന്നിവർ കേരള ഹൈക്കോടതി മുമ്പാകെ ഹർജി ഫയൽ ചെയ്യുകയും ആയതിൽ 3 മാസത്തിനുള്ളിൽ High Court Judges (Salaries and conditions) Act, 1994 പ്രകാരം ആനുകൂല്യങ്ങൾ നൽകണമെന്ന് ഹൈക്കോടതി പരാമർശം 5 ലെ വിധിപ്രകാരം ഉത്തരവാകുകയുണ്ടായി. വിധി നടപ്പാക്കുന്നതിനായി ഹൈക്കോടതി 2 മാസം കൂടി സമയം അനുവദിക്കുകയും ആയത് 24.02.2024 ൽ അവസാനിക്കുകയുമുണ്ടായി.

5. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ജുഡിഷ്യൽ അംഗങ്ങളായി വിരമിച്ച ശ്രീ. ബെന്നി ഗർവാസിസ്, ശ്രീ. വി. രാജേന്ദ്രൻ എന്നിവർക്ക് അവരുടെ 20.7.2016 മുതൽ 19.7.2021 വരെയുള്ള 5 വർഷ സേവന കാലയളവിൽ 1985 ലെ The Administrative Tribunals Act Section 8(3), 2011 ലെ The Administrative Tribunals (Procedure for appointment of Members) Rules എന്നിവ പ്രകാരം അർഹമായ പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുവാൻ 02.05.2024-ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനിക്കുകയുണ്ടായി.

6. 1985 ലെ The Administrative Tribunals Act Section 8(3) പ്രകാരം ട്രിബ്യൂണലിലെ ചെയർമാന്റെയും മെമ്പർമാരുടെയും സേവന വ്യവസ്ഥകൾ ഹൈക്കോടതി ജഡ്ജിമാർക്ക് ബാധകമായ വ്യവസ്ഥകൾക്ക് തുല്യമാണ്.

7. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 20.7.2021 മുതൽ 27.9.2022 വരെ ഇരുവരെയും ജുഡിഷ്യൽ അംഗങ്ങളായി തുടരാൻ അനുവദിച്ച നടപടി കേന്ദ്ര സർക്കാർ സാധൂകരിക്കുന്ന മുറയ്ക്ക് പ്രസ്തുത കാലയളവ് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് കണക്കാക്കുന്ന കാര്യവും തീരുമാനിക്കുകയുണ്ടായി.

8. മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ജുഡിഷ്യൽ അംഗങ്ങളായി വിരമിച്ച ശ്രീ. ബെന്നി ഗർവാസിസ്, ശ്രീ. വി. രാജേന്ദ്രൻ എന്നിവർക്ക് അവരുടെ 20.7.2016 മുതൽ 19.7.2021 വരെയുള്ള 5 വർഷ സേവന കാലയളവിൽ 1985 ലെ The Administrative Tribunals Act Section 8(3), 2011 ലെ The Administrative Tribunals (Procedure for appointment of Members) Rules എന്നിവ പ്രകാരം അർഹമായ പെൻഷനും മറ്റ് ആനുകൂല്യങ്ങളും ചുവടെ വിവരിക്കുന്ന വിധത്തിൽ നിർണയിച്ച് കൊണ്ട് ഉത്തരവാകുന്നു.

**പെൻഷൻ**

ഹൈക്കോടതി ജഡ്ജിമാർക്ക് കണക്കാക്കുന്ന രീതിയിൽ അഭിഭാഷക കാലയളവ് പരമാവധി 10 വർഷം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സർവ്വീസിനൊപ്പം പെൻഷന് പരിഗണിക്കാവുന്നതാണ്. പൂർത്തീകരിച്ച ഓരോ വർഷത്തിനും 96,524/- രൂപ നിരക്കിൽ പെൻഷൻ അനുവദിക്കാവുന്നതാണ്. പെൻഷൻ പ്രതിവർഷം 13,50,000/- രൂപയിൽ കവിയാൻ പാടില്ല.

**അന്ത്യോപദാനം (ഡി.സി.ആർ.ജി)**

പൂർത്തീകരിച്ച ഒരോ ആറ് മാസത്തിനും 10 ദിവസത്തെ ശമ്പളം എന്ന നിരക്കിൽ, അതാത് സമയത്തെ ഹൈക്കോടതി ജഡ്ജിമാർക്ക് ലഭിക്കുന്ന പരമാവധി അന്ത്യോപദാനത്തിൽ പരിമിതപ്പെടുത്തേണ്ടതാണ്.

**പെൻഷൻ കമ്മ്യൂട്ടേഷൻ**

കേന്ദ്രസർക്കാർ ജീവനക്കാരുടെ നിരക്കിൽ (CCS Commutation of Pension) Rules 1981 പെൻഷൻ കമ്മ്യൂട്ടേഷൻ അനുവദിക്കുന്നതാണ്.

**കുടുംബ പെൻഷൻ**

സർവ്വീസിലിരിക്കുകയോ വിരമിച്ചതിന് ശേഷമോ മരണമടഞ്ഞാൽ മരണപ്പെട്ട ദിവസത്തെ ശമ്പളത്തിന്റെ 50% എന്ന നിരക്കിൽ കുടുംബ പെൻഷൻ പങ്കാളിക്ക് നൽകണമെന്നും അങ്ങനെ നൽകുന്ന ശമ്പളം മരണപ്പെട്ട ദിവസത്തിന് തൊട്ടടുത്ത ദിവസം മുതൽ '7' വർഷക്കാലയളവിലേക്കോ മെമ്പർക്ക് 65 വയസ്സ് തികയുന്നതുവരെയോ ഏതാണോ ആദ്യം അത് വരെയും അതിന്ശേഷം ശമ്പളത്തിന്റെ 30% എന്ന നിരക്കിലും നൽകുന്നതാണ്. എന്നാൽ ഒരു കാരണവശാലും ഇങ്ങനെ കണക്കാക്കുന്ന കുടുംബ പെൻഷൻ, കിട്ടികൊണ്ടിരുന്ന പെൻഷനിൽ കൂടാൻ പാടില്ല.

**റെസിഡ്യറി വിഷയങ്ങൾ**

ഈ ഉത്തരവിൽ പരാമർശിക്കാത്ത കാര്യങ്ങളിൽ, സുപ്രിംകോടതിയുടെയും ഹൈക്കോടതിയിലേയും സേവനവേതന വ്യവസ്ഥകളിലെ കാലകാലങ്ങളിൽ നിലവിലുള്ള വ്യവസ്ഥകൾ ആയിരിക്കും ബാധകമാകുക.

9. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 20.7.2021 മുതൽ 27.9.2022 വരെ ഇരുവരെയും ജുഡിഷ്യൽ അംഗങ്ങളായി തുടരാൻ അനുവദിച്ച നടപടി കേന്ദ്ര സർക്കാർ സാധൂകരിക്കുന്ന മുറയ്ക്ക് പ്രസ്തുത കാലയളവ് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് കണക്കാക്കുന്ന കാര്യം തീരുമാനിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീ. ബെന്നി ഗർവാസിസ്, അരീക്കൽ, CRRA No.33, 4th അവന്യൂ, ചെറുപിള്ളി റോഡ്, ആസാദ് റോഡ്, കലൂർ, കൊച്ചി -17.
ശ്രീ. വി. രാജേന്ദ്രൻ, വിഭൂതി, PRA 199, പൂവമ്പിള്ളി റോഡ്, ബൈ ലെയിൻ, എറണാകുളം, കൊച്ചി -26.
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്.
വിവരവും പൊതുജന സമ്പർക്കവും (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ധനകാര്യ വകുപ്പ് (PEN B1/10/2017-FIN പ്രകാരം).
നിയമ വകുപ്പ് (18805/ഒപ്പീനിയൻ ഇ1/2021/നിയമം പ്രകാരം).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ